KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 114

ആത്മവിചിന്തനമാകട്ടെ

സെൽഫികൾ !

പുഞ്ചിരി പാതി വിടർത്തിടുന്ന കുഞ്ഞിന്റെ
പിഞ്ചു കരങ്ങളിൽ തഞ്ചുന്നതെന്തഹോ!
കണ്ടതില്ലൻപതു കൊല്ലങ്ങൾ മുൻപിങ്ങ-
നങ്ങായിരുന്നിതാം ബാല്യകാലങ്ങളെ!

ശാസ്ത്രസാങ്കേതികവിദ്യകൾ, ചീറിടു-
മസ്ത്രം കണക്കേ കുതിക്കുന്ന വേളയിൽ
ഹാ! വിരൽത്തുമ്പിലീ ലോകം ചുരുക്കുവാ-
നാവതുണ്ടേവർക്കുമെന്നതാശ്ചര്യമേ!

ഏറ്റമെല്ലാവരും കൈകളിൽ വെച്ചുവാ!
വെറ്റിലത്തോണ്ടി നടക്കുന്നു സർവ്വതെ !
ജീവിതമാകുന്നനന്തമാം സാഗരം
കേവലം 'സ്മാർട്ട്ഫോണി'ൽ വറ്റിവരണ്ടുവോ?

ഉമ്മിയാൽ 'സെൽഫി', യനങ്ങുകിൽ 'സെൽഫി'
ഉന്നമനക്കോവായിൽ നിൽക്കിലും 'സെൽഫികൾ'
ദാരുണാന്ത്യം കാത്തു പാതയോരത്തെങ്ങു
ചോരയിൽ മുങ്ങിയോനോടൊത്തു സെൽഫികൾ.

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

എന്തിനേറെച്ചൊല്ലീട്ടു, നിവർ കാട്ടുന്ന-
തെന്തെന്നഹോ! പ്രവചിച്ചതസാധ്യമോ!
മാതാവിനെ നായ്ക്കൾ കൂടിക്കടിക്കുകിൽ
പത്തെണ്ണമെങ്കിലും സെൽഫികൾ, കഷ്ടമേ!

സ്വച്ഛിത്രമേറ്റം മനോഹരമാക്കിയി-
ട്ടച്ചട്ടു കൂടാതെ തലയെട്ടു നൽകിയും
ചാർത്തണം സാമൂഹ്യമാധ്യമത്താളിലെ-
ന്നാർത്തിയോടേ നടന്നീടും ജനങ്ങളേ!,
നിങ്ങളറിയുക, നിങ്ങളീനാടിനെ
ചങ്ങലപൂട്ടാൽ സുരക്ഷിതമാക്കേണ്ടോർ.
സ്വച്ഛിത്രമല്ല നാം നന്നാക്കിടേണ്ടതി-
സ്വച്ഛിത്തമാണെന്നു നീയറിഞ്ഞീടുക.

ക്യാമറക്കണ്ണിലൂടേ സ്വയം കാണുവാൻ
ദീമവും കെട്ടിടും വേലേനിടാതെ നീ,
ഉള്ളിലേക്കൊന്നു തിരിഞ്ഞുനോക്കി ദ്വേഷ-
മുള്ളും കളഞ്ഞു വിമുക്തമാക്കീടുക.
ഈ മനോമോഹനമാം പ്രപഞ്ചത്തിൽ
നാമാർ? പേറിടും ധർമ്മങ്ങളെന്തൊക്കെ?
ശാന്തം നിനച്ചിട്ടുകേകാന്ത വേളയിൽ
നീന്തിക്കടന്നിടാം സംസാര സാഗരം!

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

നൽ നയനദ്വയം നേരായ് തുറക്കുക,
പോന്ന യത്നങ്ങൾ ചെയ്തീനാടു കാക്കുക;
കേവലം വ്യക്തിയായ് നിന്നു കൊണ്ടീ നാടി-
ന്നാവതുവിധത്തിൽ നാം നന്മതു ചെയ്യുക

തേടേണമുൾക്കാമ്പിൽ നാം മനുഷ്യത്വത്തിൻ
വാടാമലരുകൾ പൂക്കുന്ന കാടുകൾ
നട്ടുവളർത്തണമാമണ്ണിൽ നന്മതൻ
മൊട്ടുകളായിരം നിത്യവും വ്യക്തിയായ്!

ഇവിധമാകണം 'സെൽഫിക'ളുള്ളിലെ-
ന്നേവം തൊടുക്കുന്ന തീക്ഷ്ണശരങ്ങൾപോൽ!
നേർവഴി കാട്ടുന്നൊരു രശ്മിബിംബം പോലെ
ഹാ! വിരാചിക്കണമീ യാത്ര ചിന്തനം.

പാവങ്ങൾ പട്ടിണിക്കോലങ്ങൾ കുട്ടികൾ-
ക്കേവം കൊടുക്കുന്നൊരൂൺപൊതിയാലെ നാം.
വാടിയൊരാക്കൺകളിൽ സാന്ത്വനത്തിന്റെ-
യാടയുടുപ്പിച്ചു 'സെൽഫിയെടുക്കുക'!

പാതയിൽ കൈക്കുഞ്ഞിനെ പേറിയെത്രയോ-
കാതങ്ങൾ ചുറ്റിയിരക്കുന്നൊരമ്മയ്ക്ക്,
ജീവിതോൽസൗഖ്യം തരും. സദനങ്ങളിൽ
ജീവിതം നൽകിയും സെൽഫിയെടുക്കുക

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

കാലത്തിനമ്പുകൾ നെഞ്ചിൽതറച്ചങ്ങു
കാലന്റെ മുൻപിൽ പെട്ടാൻ തുനിയുന്നോർക്ക്
ചേലെഴും ആശ്വാസ വാക്കുകൾ നൽകിയ-
ങ്ങാലംബമേകിയും സെൽഫിയെടുക്കുക -

നേരങ്ങൾ തീവണ്ടിയോടുന്ന പാളത്തി-
ലോരത്ത് പെറ്റിട്ട നായക്കുഞ്ഞിനാ
പാലേകി, ചേലോടെ പേരിട്ടു നോക്കിയെ-
ന്നാലത് ഭംഗിയായ് സെൽഫിയെടുക്കുക.

മാമ്പഴം തിന്നതിൻ മാങ്ങാണ്ടി മണ്ണിതിൽ-
ആമ്പലിലൊന്ന് കിളച്ചു കുഴിച്ചിട്ടും,
നീരുമൊരുമ്പിനെ ഹാ! കരപറ്റിച്ചും
നാട്ടനാചാരവർ സെൽഫിയെടുക്കുക.

ചോരവാർന്നായുസ്സു നീട്ടാൻ കൊതിച്ചങ്ങു
ചാരത്തൊരാപത്തിൽ പെട്ടോരിരിപ്പെന്നെ
വാരിയെടുത്താശുപത്രിയിലെത്തിച്ച
നേരത്ത് നാം നല്ല സെൽഫിയെടുക്കുക.

പോറ്റിയ മാതാപിതാക്കൾ തന്നാഗ്രഹം
ഏറ്റം നടപ്പിലാക്കി കഴിഞ്ഞിട്ടു നാം
നെഞ്ചും വിരിച്ചാത്മ സന്തുഷ്ടിയോടെ നി-
ന്നഞ്ചാറു വട്ടമാ സെൽഫിയെടുക്കുക

ഈവണ്ണമൻപോടേ ജീവിതപാതയിൽ,
പതുവിരിയിച്ചാത്മസായൂജ്യത്തിലാഴുവാൻ,
ആത്മാവിനേയങ്ങു ശുദ്ധീകരിക്കുവാൻ,
'ആത്മവിചിന്തനമാകട്ടെ സെൽഫികൾ'

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

Scanned by CamScanner